**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **06-02-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രോജക്റ്റ് ആയ അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ? | (എ) | കിഫ്ബി ധനസഹായത്തോടെയുള്ള അതിയന്നൂർ - കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണറിന്റെയും, സംപ്, പമ്പ് ഹൗസ് എന്നിവയുടെയും പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ഓരോ ഘടകങ്ങളുടെയും പുരോഗതി ശതമാനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.<br><br>പോങ്ങിൽ ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും:-<br><br>• സബ്സ്റ്റേഷൻ കെട്ടിടം - 90%<br>• ക്ലോറിൻ റൂം - 90%<br>• ക്ലോറിനേറ്റർ - 80%<br>• സംപും പമ്പ്ഹൗസും - 100%<br>• ട്രാൻസ്ഫോർമർ, പമ്പ്സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ - 80%<br>• പ്രധാന കെട്ടിടം - 80%<br>• ഓഫീസ് റൂം, ലാബ്, സൊല്യൂഷൻ ടാങ്ക് റൂം - 80%<br>• ഫിൽട്ടർ ഹൗസ് - 70%<br>• പൈപ്പ് ഗ്യാലറി - 50%<br>• ലാമെല്ലാ ക്ലാരിഫൈയർ - 90%<br>• ഫ്ളോക്കുലേറ്റർ - 90%<br>• റീസൈക്ലിംഗ് യൂണിറ്റ് - 0%<br>• എയ്റേറ്റർ - 20%<br>• ഉപരിതല ജലസംഭരണിയുടെ നിർമ്മാണം - 35%<br><br>പിരായുംമൂട് കിണറും പമ്പ്ഹൗസും<br>• 6.0 മീ. വ്യാസമുള്ള കിണർ - 100%<br>• റാ വാട്ടർ പമ്പ് ഹൗസ് - 90%<br>• സബ്സ്റ്റേഷൻ - 25%<br>• നടവഴിപ്പാലം - 80% |

| | | | |
|---|---|---|---|
| | | | • **ചുറ്റുമതിൽ - 15%**<br>• **ട്രാൻസ്ഫോർമർ, പമ്പ്സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ - 80%**<br><br>**500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ - 85%**<br><br>**റോഡ് പുനസ്ഥാപന പ്രവൃത്തികൾ - 40%.**<br><br>**പദ്ധതി 2023 മേയ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ